CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിശുദ്ധ കുർബ്ബാനക്ക് ഉപയോഗിക്കുന്ന
# ധ്യാനപുസ്തകം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

# മാർ ഈശോയബ് കാതോലിക്കയാൽ വിരചിതമായ വിമോചകക്രമം:—

(സത്യവിശ്വാസത്തിൽനിന്ന് പുറത്തുപോയി വീണ്ടും തിരിച്ചു വന്ന ഒരുത്തനേയും; ഉപവാസകാലത്തോ, വെള്ളിയാഴ്ചയോ മാംസം ഭക്ഷിക്കുകയോ, അഥവാ മറ്റേതെങ്കിലും തരത്തിൽ അപരാധം ചെയ്യുകയോ ചെയ്തതായ ഓരോരുത്തരെപ്പറ്റിയും. വിമോചിക്കപ്പെടേണ്ടവനെ മദ്ബ്ഹായുടെ വലിയ വാതുക്കൽ നിറുത്തുന്നു)

പ്രാരംഭം. നമ്മുടെ കർത്താവിന്റെ പ്രാർത്ഥന:–

കർത്താവെ! ഞങ്ങൾ നിന്റേതാകുവാനും, നിന്നെ ഭയപ്പെടുവാനും നിന്റെ വചനത്തിങ്കൽ നടക്കുവാനും, നിന്റെ ന്യായവിധിയിൽ നിന്ന് വിറക്കുവാനും; നിന്റെ കല്പനകളെ സൂക്ഷിക്കുവാനും, ഞങ്ങളുടെ ജീവകാലം മുഴുവനും നീതിയുടെ സൽപ്രവർത്തികളാൽ നിന്റെ ദൈവത്വത്തെ പ്രസാദിപ്പിക്കുകയും ചെയ്യുന്നതിന്ന് ഞങ്ങൾക്ക് കൃപ നൽകുമാറാകേണമെ. എന്നാരംഭം സർവ്വനാഥനായ.....................

ശൂറായ:– സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ! നിങ്കലേക്ക് ഞാൻ എന്റെ കണ്ണുകൾ ഉയർത്തി: ദാസന്മാരുടെ കണ്ണുകൾ തങ്ങളുടെ യജമാനന്മാരുടെ പക്കലേക്ക് എന്നപോലെ തന്നെ (നോക്കു! മരണനകം നിങ്ങളുടെ കഴുത്തുകളിന്മേൽ ഭാരപ്പെടാതിരിപ്പാനായി ആദിയിൽ നിങ്ങൾ പാപം ചെയ്തതുപോലെ പാപം ചെയ്യരുത്.) ദാസിയുടെ കണ്ണുകൾ അവളുടെ യജമാനത്തിയുടെ നേരെ എന്നപോലെ തന്നെ * അപ്രകാരം ഞങ്ങളുടെ കണ്ണുകൾ ഞങ്ങളുടെ ദൈവമായ കർത്താവെ! അങ്ങയുടെ പക്കലേക്കാകുന്നു * അങ്ങ ഞങ്ങളോട് കരുണയുണ്ടാകുന്നതുവരെ * ഞങ്ങളോട് കരുണയുണ്ടാകേണമേ, കർത്താവെ! ഞങ്ങളോട് കരുണയുണ്ടാകേണമേ * എന്തെന്നാൽ നിന്ദകളുടെ ആധിക്യം ഞങ്ങൾ കേട്ടിരിക്കുന്നു * ഞങ്ങളുടെ ആത്മാക്കൾക്ക് തൃപ്തി വരുവോളം അത്യധികം തന്നെ * പരിഹാസികളുടെ കളിയാക്കലും * ഡംഭികളുടെ നിന്ദയും തന്നെ.

(മസ്മോറ 129)

കർത്താവേ! ആഴത്തിൽനിന്നു ഞാൻ നിന്നോട് നിലവിളിക്കുകയും നീ എന്റെ ശബ്ദത്തെ കേൾക്കുകയുംചെയ്തു.

ഹല്ലേലൂയ, ഹല്ലേലൂയ, ഏഹല്ലേലൂയാ.

കർത്താവേ! ആഴത്തിൽനിന്നു ഞാൻ നിന്നോട് നിലവിളിക്കുകയും നീ എന്റെ ശബ്ദത്തെ കേൾക്കുകയുംചെയ്തു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



നിന്റെ ചെവികൾ എന്റെ യാചനയുടെ സ്വരത്തെ ശ്രദ്ധിച്ചുകൊണ്ടിരിക്കുമാറാകണമേ.
കർത്താവേ! നീ പാപങ്ങളെ സൂക്ഷിക്കുന്നുവെങ്കിൽ,
ആർക്കാകുന്നു നിലനില്ക്കുവാൻ കഴിയുന്നതു്?
എന്തെന്നാൽ നിന്റെ പക്കൽനിന്നു മാത്രമാകുന്നു വിമോചനം.
ഞാൻ കർത്താവിൽ ആശ്രയിക്കയും എന്റെ ആത്മാവു് അവന്റെ വചനത്തിന്നായി കാത്തിരിക്കയുംചെയ്തു.
ഉഷസ്സിൻയാമം മുതൽ ഉഷസ്സിൻയാമംവരെയും ഞാൻ കർത്താവിന്നായി കാത്തിരിക്കുന്നു.
കർത്താവിന്നായി ഇസ്രായേൽ കാത്തിരിക്കട്ടെ.
എന്തുകൊണ്ടെന്നാൽ, അവന്റെ പക്കൽ നിന്നാകുന്നു കരുണകൾ.
അവന്റെ പക്കൽ ധാരാളം രക്ഷയുമുണ്ടു്.
അവൻ ഇസ്രായേലിനെ അവന്റെ സകല അകൃത്യത്തിൽനിന്നും രക്ഷിക്കും.
ബാവായ്ക്കും,.... ............................................................ആമീൻ.
(നല്ലവനും, നീതിമാനും, ദയാലുവുമായുള്ളോവേ! അങ്ങയുടെ കൃപയാൽ ഞങ്ങളോടു് കരുണ തോന്നേണമേ.)....................................

പ്രാർത്ഥന:_ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ! ഞങ്ങളുടെ ആത്മാക്കളുടെ നോട്ടം അങ്ങയുടെ പക്കലേക്കു് ഇതാ തൂങ്ങിക്കിടക്കുന്നു. ഞങ്ങളുടെ ശരണവും പ്രത്യാശയും അങ്ങയുടെ അടുത്താകുന്നുവല്ലോ. അങ്ങയിൽനിന്നത്രെ കടങ്ങളുടേയും, പാപങ്ങളുടേയും മോചനം ഞങ്ങൾ യാചിക്കുന്നതു്. അങ്ങയുടെ പതിവുപോലെ അങ്ങയുടെ കൃപയാലും കരുണകളാലും എല്ലാ കാലങ്ങളിലും നേരങ്ങളിലും ഞങ്ങൾക്കു് ((കൃപ) നൽകേണമേ. സർവ്വനാഥനായ........................

പുരുഷന്മാരുടെ മാനീത:_

കർത്താവേ! അങ്ങയുടെ ചെവി ചായ്ച്ചു് എനിക്കുത്തരമരുളേണമേ * പാപികളും നിങ്കലേക്കു് മനം തിരിച്ചുവരും. അകൃത്യം ചെയ്തവരേയും ചുങ്കക്കാരേയും, കർത്താവേ! അങ്ങുന്നു് നിരസിക്കുകയോ; തിരുമുമ്പാകെ നിന്നു് കർത്താവേ! അവരെ ആട്ടിക്കളയുകയോ ചെയ്തിട്ടില്ലല്ലോ. എന്തെന്നാൽ ഇതാണല്ലോ അങ്ങുന്നു് അരുളിച്ചെയ്തിട്ടുള്ളതു് "സുഖമുള്ളവർക്കല്ല വൈദ്യനെക്കൊണ്ടു് ആവശ്യം, എന്നാൽ രോഗികൾക്കത്രെ" ഞങ്ങളോ തിരുമുമ്പാകെ തിന്മകൾ പ്രവർത്തിക്കയും, ഞങ്ങളുടെ ആത്മാക്കളിൽ രോഗികളുമായിതീർന്നിരിക്കുന്ന ഞങ്ങൾ അങ്ങയോടു് അപേക്ഷിക്കുന്നു. ഞങ്ങളോടു കരുണ തോന്നേണമേ. (ആവർത്തിക്കുക)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART